## കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവ്

## (ഹാജർ: സുഭാഷ് റ്റി.വി. ഐ.എ.എസ്)

RCS/5263/2023-MT(4) തിരുവനന്തപുരം, തീയതി: 03.10.2023

**വിഷയം:** സഹകരണ വകുപ്പ് - കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടൂറിസം ഡെവലപ്പ്മെന്റ് സെന്റർ ലിമിറ്റഡ് 4391- സ്റ്റേറ്റ് റിസോഴ്സ് സെന്റർ (കേരള) യുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

**പരാമർശം:**
1. സംഘം ഭരണ സമിതിയുടെ 27.03.2023 തീയതിയിലെ 1-ാം നമ്പർ തീരുമാനം.
2. തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 03.06.2023, 24.06.2023, 29.07.2023 തീയതികളിലെ പി(2)2563/2023 നമ്പർ കത്തുകൾ.
3. സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളയിൽ നിന്നും ലഭിച്ചിട്ടുള്ള 16.11.2022, 11.09.2023 തീയതികളിലെ സർട്ടിഫിക്കറ്റുകൾ

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടൂറിസം ഡെവലപ്പ്മെന്റ് സെന്റർ ലിമിറ്റഡ് നമ്പർ-4391 ന് സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ നോഡൽ ഏജൻസിയായി പ്രവർത്തിച്ച് ടൂറിസം കോഴ്സ് നടത്തുന്നതിനുള്ള സബ് റൂൾ അംഗീകാരത്തിനായി പരാമർശം (1) പ്രകാരം സംഘം തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

പരാമർശം (3) പ്രകാരം കേരള സർക്കാർ അംഗീകൃത സ്ഥാപനമായ സ്റ്റേറ്റ് റിസോഴ്സ് സെന്റർ (കേരള)യുടെ ചുവടെ ചേർക്കുന്ന കോഴ്സുകൾ നടത്താനുള്ള സ്റ്റഡി സെന്റർ ആയി അഫിലിയേറ്റ് ചെയ്തിട്ടുള്ളതായും, സംഘത്തിന്റെ പ്രവർത്തന പരിധിയിൽ ടൂറിസം അനുബന്ധമായ കോഴ്സുകൾ സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നിബന്ധനകൾക്ക് വിധേയമായി നടത്തുന്നതിന് നോഡൽ ഏജൻസിയായി അനുമതി ലഭിച്ചിട്ടുള്ളതായും പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

i. Diploma/Certificate in Hotel Management
ii. Diploma/Certificate in Beauty Care Management
iii. Diploma/Certificate in Ayurveda & Panchakarma
iv. Diploma/Certificate in Martial Arts (Kungfu/Kalaripayattu)
v. Certificate in Yoga
vi. Diploma/Certificate in Aviation, Hospitality & Travel Management
vii. Diploma/Certificate in Aviation & Hospitality Management
viii. Diploma/Certificate in Tourism & Hospitality Management എന്നീ കോഴ്സുകൾ നടത്തുന്നതിനുള്ള ഉപനിബന്ധനകൾ അംഗീകരിക്കുന്നതിനാണ് പരാമർശം (1) പ്രകാരം സംഘം ഭരണ സമിതി തീരുമാനമെടുത്തിട്ടുള്ളത്.

ടി സംഘത്തിന്റെ ബൈലാ വ്യവസ്ഥ പ്രകാരം ടൂറിസം കോഴ്സ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതായും, സംഘത്തിന്റെ 2019-2020 ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സംഘത്തിൽ 1,104 അംഗങ്ങളും, 9,85,200/- രൂപ ഓഹരി മൂലധനവും, 61,18,066/- രൂപ

നിക്ഷേപവും 1,69,57,453/- രൂപ അറ്റനഷ്ടവും പ്രവർത്തന മൂലധനം 97,06,526/- രൂപയുമാണെന്നും പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ വൈവിധ്യവൽക്കരണം എന്ന വകുപ്പ് നയത്തിന്റെ അടിസ്ഥാനത്തിലും, സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒരു സപ്പോർട്ട് എന്ന നിലയിലും, ടി സംരംഭം സർക്കാർ നിയന്ത്രിത സ്ഥാപനത്തിന്റെ നിരീക്ഷണത്തിലായതിനാലും, ടി സംഘത്തിന് സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിച്ച് ടൂറിസം കോഴ്സ് നടത്തുന്നതിനുള്ള അംഗീകാരം നൽകാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ശുപാർശ ചെയ്തിരിക്കുന്നു. മേൽ സാഹചര്യത്തിൽ സംഘം ഭരണ സമിതി തീരുമാനം പരിഗണിച്ചും, ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## <u>ഉത്തരവ്</u>

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടൂറിസം ഡെവലപ്പ്മെന്റ് സെന്റർ ലിമിറ്റഡ് നമ്പർ-4391 ന് സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ള കോഴ്സുകളുടെ സ്റ്റഡി സെന്ററായി പ്രവർത്തിക്കുന്നതിനുള്ള അനുവാദം നൽകി ഉത്തരവാകുന്നു. സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരള, കാലാകാലങ്ങളിൽ ഏർപ്പെടുത്തുന്ന നിബന്ധനകൾ നോഡൽ ഏജൻസി എന്ന നിലയിൽ സംഘം പാലിക്കേണ്ടതാണ്. ഉത്തരവ് പ്രകാരം സംഘം സ്വീകരിക്കുന്ന നടപടികൾ തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖാന്തിരം ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**സഹകരണ സംഘം രജിസ്ട്രാർ**

പ്രസിഡന്റ്/സെക്രട്ടറി
കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടൂറിസം ഡെവലപ്പ്മെന്റ് സെന്റർ ലിമിറ്റഡ് നമ്പർ-4391,
ടി.സി.നമ്പർ91/1933-3(ഫസ്റ്റ് ഫ്ലോർ) കെ-167, കൊച്ചാർ റോഡ്, ശാസ്തമംഗലം പി.ഒ,
തിരുവനന്തപുരം 695010

**<u>പകർപ്പ്</u>**

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ)
3. തിരുവനന്തപുരം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)
4. സ്റ്റോക്ക് ഫയൽ
5. സ്പെയർ

**ആജ്ഞാനുസരണം**

**അസിസ്റ്റന്റ് രജിസ്ട്രാർ(എം.റ്റി)**